# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1894 — 05/10/2016-ൽ മറുപടിയ്ക്ക്

### വനം ഔഷധ സസ്യങ്ങൾ, കണ്ടൽ കാടുകൾ എന്നിവയുടെ പരിപാലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>,, ജി.എസ്. ജയലാൽ<br>,, ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീമതി. സി.കെ. ആശ | ശ്രീ. അഡ്വ. കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) നശിപ്പിക്കപ്പെട്ട വനത്തിനുപകരം വനം വച്ച് പിടിപ്പിക്കുന്നതിനായി പദ്ധതിയുണ്ടോ; വിശദമാക്കുമോ; | എ) നാശോൻമുഖമായ വനങ്ങളെ പുനരുൽ - പാദനം നടത്തുന്നതിനുള്ള പദ്ധതി (Regeneration of Denuded Forests) യാണ് നിലവിലുള്ളത്. നാശോൻ മുഖമായ വനങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കുന്നതിന് 100.00 ലക്ഷം രൂപയാണ് തൻവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. 600 ഹെക്ടർ പ്രദേശത്ത് നാശോൻമുഖമായ വനങ്ങൾ മെച്ചപ്പെടുത്തുകയും മുൻവർഷങ്ങളിൽ വച്ച് പിടിപ്പിച്ചിട്ടുള്ള 3000 ഹെക്ടർ പ്രദേശത്തെ തൈകൾ സംരക്ഷിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മുൻകാലങ്ങളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നാശോൻമുഖമായ വനങ്ങളിൽ പുനരുൽപാദനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതികളെ ഈ പ്രവർത്തികൾക്ക് പങ്കാളികളാക്കുന്നുണ്ട്. |
| ബി) ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടി ഇതര വന ഉൽപ്പന്നങ്ങളുടെ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | ബി) ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള തടി ഇതര വനഉൽപ്പന്നങ്ങളുടെ വികസനത്തിന് 195.00 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. തടിയിതര വനഉൽപ്പന്നങ്ങളായ ഈറ, മുള, ഔഷധസസ്യങ്ങൾ മുതലായവ നട്ട് വളർത്തുകയും പരിപാലിക്കുകയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വനസംരക്ഷണ സമിതിയുടെയും ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടെയും സഹകരണത്തോ ടു |

കൂടി ആദിവാസികൾക്ക് ശാസ്ത്രീയമായ വന വിഭവ ശേഖരണവും സംസ്കരണവും നടത്തുന്നതിനുള്ള പരിശീലനം, ഔഷധസസ്യങ്ങൾ വളരുന്ന പ്രദേശങ്ങൾ സംരക്ഷിക്കൽ തടിയിതര വനവിഭവ തോട്ടങ്ങൾ പരിപാലിക്കൽ എന്നിവ വിഭാവനം ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ഈ വർഷം 275 ഹെക്ടർ പ്രദേശത്ത് പുതുതായി തടിയിതര വനവിഭവങ്ങളും ഔഷധസസ്യങ്ങളും വച്ചു പിടിപ്പിക്കുന്നതിനും മുൻവർഷങ്ങളിൽ വച്ചു പിടിപ്പിച്ച 1250 ഹെക്ടർ പ്രദേശത്തെ തോട്ടങ്ങൾ പരിപാലിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

സി) കണ്ടൽക്കാടുകളെ നാശത്തിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ?

സി) കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിനായി നിലവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ പ്രധാനമായി കണ്ടൽക്കാടുകൾ സംരക്ഷിക്കുന്ന സ്ഥല ഉടമസ്ഥർക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് ഒരു ഏക്കറിന് 4000 രൂപ എന്ന തോതിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കണ്ടൽ പ്രദേശങ്ങളിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽതൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്. കണ്ടൽക്കാടുകളിൽ അടിഞ്ഞുകൂടുന്നതും അവയുടെ നിലനിൽപ്പിന് ഭീഷണി സൃഷ്ടിക്കുന്നതുമായ ഖരമാലിന്യങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. കൂടാതെ കണ്ടൽക്കാടുകളുടെ നശീകരണം തടയുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകളെ റിസർവ് വനമാക്കി സംരക്ഷിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ